20
ജൂലൈ 2023
വ്യാഴം
Pages- 5
Vol. 2 Issue 168

# ക്രിസ്ത്യൻലൈവ് ദിനപത്രം

On the Battlefield for the Great Commission
CNL7 MEDIA
537

## മണിപ്പൂർ കലാപം:

# നടപടി സ്വീകരിക്കും: പ്രധാനമന്ത്രി




പേജ്
3,4 കാണുക

**മാർ ക്രിസോസ്റ്റം സ്പീക്കിംഗ്: ഓർമ്മകളിലെ മുഖ്യൻ**

## ഉമ്മൻ ചാണ്ടി ഇനി ജന ഹൃദയങ്ങളിൽ

പുതുപ്പള്ളി: സങ്കടക്കടലായി മാറിയ കേരള ജനതയെ ഒന്നടങ്കം സാക്ഷി നിർത്തി അന്തരിച്ച മുൻ മുഖ്യ മന്ത്രി ഉമ്മൻ ചാണ്ടിയുടെ സംസ്കാരം പുതുപ്പള്ളി സെന്റ് ജോർജ് വലിയ പള്ളിയിൽ നടക്കുന്നു. സർക്കാർ ബഹുമതികൾ ഒന്നുമില്ലാതെയാണ് സംസ്കാരം. ഭൗതിക ശരീരം വഹിച്ചു കൊണ്ട് തിരുവനന്തപുരം മുതൽ പുതുപ്പള്ളി വരെയുള്ള യാത്രയിൽ ഓരോ സ്ഥലത്തും ആയിരങ്ങൾ തടിച്ചുകൂടിയത് കേരള ചരിത്രത്തിലെ അവിസ്മരണിയ സംഭവമായി.




എഡിറ്റോറിയൽ

## ക്രിസ്ത്യൻ ലൈവ്

2023 ജൂലൈ 20 വ്യാഴം

# ഹൃദയരഥമേറിയ അന്ത്യയാത്ര...



ആൾക്കൂട്ടത്തെ അനാഥമാക്കിയ ജനനായകൻ ഹൃദയരഥമേറി അന്ത്യയാത്രയായി. എന്നും ആരവങ്ങൾക്കുള്ളിൽ ജീവിക്കുകയും, ആ ആരവങ്ങളെ ആവശ്യങ്ങളായി പരിഗണിക്കുകയും അതിനു പരിഹാരം വരുത്തുകയും ചെയ്ത വ്യക്തി വിശേഷം നമ്മോട് യാത്രാമൊഴി ചൊല്ലി. ശ്രീ. ഉമ്മൻ ചാണ്ടിയെന്നെ മലയാളത്തിന്റെ അഭിമാനം, മരണമെന്ന യാഥാർത്ഥ്യത്തെ പുൽകിയെങ്കിലും അമരനായി ജനഹൃദയങ്ങളിൽ എന്നും ജീവിക്കും. അത്രത്തോളം ആഴമുണ്ട് ആ മനുഷ്യ സ്നേഹിക്ക്. ഒരു പൊതുപ്രവർത്തകൻ ആരാണെന്ന് അറിയാൻ മറ്റാരെയും തിരഞ്ഞു പോകേണ്ടതില്ല. ജീവൻ പറന്നകന്ന ശരീരം ഒരു നോക്ക് കാണാൻ വഴിത്തലയ്ക്കൽ തടിച്ചുകൂടിയ ജനസാഗരം മാത്രം മതി അതിന്റെ അളവുകോലായി. അവർ പൊഴിച്ച കണ്ണീർ ശേഖരിച്ച് അളന്നാൽ കിട്ടും മനുഷ്യത്വം എന്നതിന് മറുപേരായ ഉമ്മൻചാണ്ടിയുടെ മനസ്സിന്റെ ആഴം. ഇടയ്ക്കിടയ്ക്ക് വന്നു പെയ്തുപോകുന്ന മഴയത്തും അലിഞ്ഞു പോകാത്ത തോരാ കണ്ണീരിന്റെ നനവറിഞ്ഞാൽ മതി ആ സ്നേഹത്തിന്റെ ആഴവും പരപ്പും അറിയാം. ഇത്രത്തോളം ഒരു നേതാവിനും വേണ്ടി കേരളം കണ്ണീർ പൊഴിച്ചിട്ടില്ല. ഇത്രത്തോളം ഒരു നേതാവിന് വേണ്ടിയും മലയാളം തേങ്ങിയിട്ടില്ല. ഇത്രത്തോളം ഒരു നേതാവിന് വേണ്ടിയും കൈരളി കാത്തു നിന്നിട്ടില്ല. അത്രയ്ക്കും എല്ലാമെല്ലാമായിരുന്നു ഉമ്മൻചാണ്ടി എന്ന ആ പച്ചമനുഷ്യൻ. മനുഷ്യനെ അറിയാൻ കഴിഞ്ഞ ജനകീയൻ. വിശേഷണങ്ങളുടെ തോരണം ചാർത്തൽ ഒട്ടും തന്നെ ആവശ്യമില്ലാത്ത ആ നല്ല മനുഷ്യന്റെ ഓർമ്മകൾ ഭൂമിമലയാളം ഉള്ളടത്തോളം കാലം നിലനിൽക്കും. മലയാളിയുടെ മനസ്സിൽ തലമുറകളായി കൈമാറ്റം ചെയ്യപ്പെടും ഈ വ്യക്തി വിശേഷം. അത്രയ്ക്കും ശ്രേഷ്ഠമാണ് തന്റെ വിചാരലോകവും കർമ്മമേഖലകളും.

അഞ്ച് പതിറ്റാണ്ടിലധികം ഒരു മണ്ഡലത്തെ പ്രതിനിധാനം ചെയ്യുക, അതിൽ ഓരോ തവണയും മികച്ച ഭൂരിപക്ഷത്തോടുകൂടി നിയമനിർമ്മാണ സഭയിലെത്തി ഏറ്റവും കൂടുതൽ കാലം നിയമസഭാ സാമാജികനായതിന് ആദരവ് ഏറ്റുവാങ്ങുക. ആരോപണങ്ങളിൽ പ്രത്യാരോപണങ്ങളോ നിഷേധക്കുറിപ്പുകളോ വെല്ലുവിളികളോ പ്രതികാരം നടപടികളോ സ്വീകരിക്കാതെ ആത്മസംയമനത്തോടെ, പ്രശാന്തത ഒട്ടും കൈവെടിയാതെ സാധാരണ ജീവിതം നയിക്കുവാൻ ഉള്ളിൽ നന്മയുള്ളവർക്കേ കഴിയൂ. കാലം നീതിമാൻ എന്ന തെളിയിക്കും വരെ കരുണയോടെ, ആർദ്രതയോടെ ശത്രുക്കളോട് പോലും പ്രതികരിക്കാനും അവരെ ഹൃദയപൂർവ്വം സ്വീകരിക്കുവാനും തന്റെ ജീവനു പോലും ഭീഷണി ഉയർത്തി അപകടം സൃഷ്ടിച്ചവരെയും സ്നേഹത്തോടെ ചേർത്തുപിടിച്ച ഉമ്മൻചാണ്ടി എന്ന വാത്സല്യം എപ്പോഴും ഉരുവിട്ടിരുന്നത് താൻ ഒരു ശുഭാപ്തി വിശ്വാസി ആണ് എന്നല്ല, മറിച്ച് ദൈവവിശ്വാസി എന്നാണ്. അക്ഷരത്തിന്റെ തിരുമുറ്റത്ത് തന്നെ തേടിയെത്തുന്ന ഓരോ ആവശ്യങ്ങളെയും നന്നായി അറിഞ്ഞു മനുഷ്യത്വപരമായി ഇടപെട്ടിരുന്ന ഈ ഭരണാധികാരി കേരളമൊട്ടാകെ ഓടിനടന്ന് 12 ലക്ഷത്തിലധികം ആളുകൾക്ക് തൊഴിൽ നൽകാനും അവരുടെ വൈവിധ്യമായ പ്രശ്നങ്ങൾക്ക് പരിഹാരം വരുത്തുവാൻ കഴിഞ്ഞതും കേവലം ഭരണാധികാരിയുടെ ഭരണ മികവ് വെളിപ്പെടുത്തുവാൻ അല്ല മറിച്ച് മനുഷ്യത്വം മരവിക്കാത്തവരാണ് ഭരണാധികാരികൾ എന്ന് തെളിയിക്കുവാൻ കൂടിയായിരുന്നു. തങ്ങളാൽ തെരഞ്ഞെടുക്കപ്പെടുന്നവരെ പരിഗണിക്കാതെ ഗർവ്വും ധാർഷ്ട്യവും അധികാരവും കാണിച്ചു ഭയപ്പെടുത്തി അകറ്റുനിർത്താതെ അവരെ ചേർത്തു പിടിക്കേണ്ടവരാണ് ഭരണാധികാരികൾ എന്ന് ജീവിതം കൊണ്ട് തെളിയിക്കുകയായിരുന്നു. തിരക്കേറിയ ജീവിതചര്യകൾ വെച്ചുപുലർത്തുമ്പോഴും ആത്മീയ കൂട്ടായ്മകൾക്കും, പ്രാർത്ഥനയ്ക്കും ആരാധനയ്ക്കും ഒക്കെ സമയം കണ്ടെത്തുന്ന ഈ മനുഷ്യൻ തികഞ്ഞ ദൈവവിശ്വാസി ആയിരിക്കുമ്പോൾത്തന്നെ ദൈവാശ്രയത്തിന്റെ പടിക്കെട്ട് ഉയർത്തി ആയിരക്കണക്കിന് അനുചരന്മാരെ സമൂഹത്തിന്റെ പാദസേവകരാക്കി ആർക്കും എത്തിപിടിക്കുവാൻ കഴിയുന്ന തരത്തിൽ ജനങ്ങളുടെ ഇടയിലേക്ക് ഇരിപ്പിടം വലിച്ചിട്ടിരുന്ന് ജനങ്ങളിൽ ഒരാളായി മാറിയ വ്യക്തിയാണ് ഈ ജനകീയ ഭരണാധികാരി.

പുതുപ്പള്ളിയിൽ നിന്നും യാത്ര തിരിച്ച് പുതുപ്പള്ളിയുടെ മണ്ണിൽ അലിയുമ്പോൾ പുതുമ നഷ്ടപ്പെടാതെ എന്നും ഉയർന്നുനിൽക്കും ഉമ്മൻ ചാണ്ടി എന്ന മലയാളത്തിന്റെ പൊതു വികാരം. കാലങ്ങൾ മറഞ്ഞാലും മായാതെ ഹൃദയരഥങ്ങളിലേറി വാമൊഴിയായും വരമൊഴിയായും കൈമാറ്റം ചെയ്യപ്പെട്ടു കൊണ്ടേയിരിക്കും മലയാളത്തിന്റെ ഈ അത്ഭുതം. മരിച്ചിട്ടും മരിക്കാതെ ഇന്നും മനസ്സിലും മണ്ണിലും നിറഞ്ഞുനിൽക്കുന്ന ഈ മഹാ മനുഷ്യന് വിട .. സകല ആദരവുകളോടെ



ഷാജൻ പാറക്കടവിൽ

# ചർച്ചാ സമ്മേളനം നടന്നു



അറ്റ്ലാന്റ: ഇൻഡോ അമേരിക്കൻ പ്രസ്സ് ക്ലബ്ബിന്റെയും സത്യം മിനിസ്ട്രിസിന്റെയും സംയുക്ത ആഭിമുഖ്യത്തിൽ ' ഇൻഡ്യൻ ജനാധിപത്യത്തിന്റെയും മതേതരത്വത്തിന്റെയും ഭാവി: വെല്ലുവിളികളും അവസരങ്ങളും ' എന്ന വിഷയത്തിൽ ചർച്ചാ സമ്മേളനം നടന്നു.
ഡോ സി വി വടവന മോഡറേറ്റർ ആയിരുന്നു. ഡോ ഗീവർഗീസ് മാർ കൂറിലോസ് മെത്രാപ്പോലീത്ത ഉത്ഘാടനം നിർവ്വഹിച്ചു. പാസ്റ്റർ ജെയ്സ് പാണ്ടനാട്, അച്ചൻകുഞ്ഞ് ഇലന്തൂർ എന്നിവർ പ്രസംഗിച്ചു.
ബിനു വടശേരിക്കര, പാസ്റ്റർ റെജി മാത്യൂ കുമ്പനാട്, പ്രകാശ് ജോസഫ് എന്നിവർ ചർച്ചയിൽ പങ്കെടുത്തു.
ജോമി ജോർജ് മണിപ്പൂർ ഐക്യദാർഢ്യ പ്രമേയം അവതരിപ്പിച്ചു. പാസ്റ്റർ സിബി കുരുവിള മുൻ മുഖ്യമന്ത്രി ശ്രീ ഉമ്മൻ ചാണ്ടിയുടെ നിര്യാണത്തിൽ അനുശോചന പ്രമേയം അവതരിപ്പിച്ചു.
സാം ടീ സാമുവേൽ, ഫാദർ ജോർജ് കുട്ടി, ഗ്രേസി തര്യൻ എന്നിവർ നേതൃത്വം നൽകി.

# മണിപ്പൂർ ഐക്യദാർഢ്യ പ്രാർത്ഥന സംഗമം

കോഴിക്കോട് : കലാപത്താൽ ദുരിതപൂർണ്ണമായ മണിപ്പൂർ ജനതയെ ചേർത്ത് പിടിച്ച്, അവരുടെ പ്രശ്ന പരിഹാരത്തിന്നായി കോഴിക്കോട് പെന്തക്കോസ്ത് സമൂഹത്തിന്റെ നേതൃത്വത്തിൽ സംഘടിപ്പിക്കുന്ന മണിപ്പൂർ ഐക്യദാർഢ്യ പ്രാർത്ഥന സംഗമം ജൂലൈ 23 ന് ഞായറാഴ്ച കോഴിക്കോട് നടക്കും.
വൈകുന്നേരം 6 മുതൽ കോഴിക്കോട് നടക്കാവ് ഗുഡ്ന്യൂസ് ഫെല്ലോഷിപ്പ് ചർച്ചിൽ നടക്കുന്ന പ്രാർത്ഥന സംഗമത്തിൽ കോഴിക്കോടുള്ള പെന്തക്കോസ്ത് സഭകളുടെയും സുവിശേഷ സംഘടനകളുടെയും ലീഡേഴ്സും സഭ വിശ്വാസികളും പങ്കെടുക്കും.
പാസ്റ്റർമാരായ അജി ജോൺ, ഷാജി ആന്റണി, സാം എം ജോൺ, ജോണി ജോസഫ്, ബ്രദർ റോയ് മാത്യു ചീരൻ, ബ്രദർ
വി വി അബ്രഹാം തുടങ്ങിയവർ നേതൃത്വം നൽകും.

# മണിപ്പൂർ ഐക്യദാർഢ്യവുമായി എൻസിഎംജെ പ്രാർത്ഥനായജ്ഞം

തിരുവല്ല : മണിപ്പൂരിലെ ക്രൈസ്തവ വേട്ടയ്ക്ക് എതിരെ നാഷണൽ ക്രിസ്ത്യൻ മൂവ്മെന്റ് ഫോർ ജസ്റ്റിസിന്റെ നേതൃത്വത്തിൽ മണിപ്പൂർ ഐക്യദാർഢ്യ പ്രാർത്ഥനായജ്ഞം ഇന്ന് (വെള്ളി 21) വൈകിട്ട് 7 ന് തുകലശേരി സെന്റ് തോമസ് സിഎസ്ഐ പള്ളിയിൽ നടക്കും.

ഡോ. തിയഡോഷ്യസ് മാർത്തോമ്മ മെത്രപ്പൊലീത്ത, ആർച്ച് ബിഷപ്പ് ഡോ. തോമസ് മാർ കുറിലോസ്, ബിഷപ്പ് തോമസ് സാമുവേൽ. പാസ്റ്റർ ജെ. ജോസഫ് എന്നിവർ പ്രാർത്ഥനായജ്ഞത്തിന് നേതൃത്വം നൽകുമെന്ന് എൻസിഎംജെ ജില്ല പ്രസിഡന്റ് ബെന്നി പുത്തൻപറമ്പിൽ, സെക്രട്ടറി ജോജി ഐപ്പ് മാത്യൂസ് എന്നിവർ അറിയിച്ചു. ഫോൺ : 9446392303

# പെൺകുട്ടികൾക്ക് സർവകലാശാല പ്രവേശന പരീക്ഷകൾ വിലക്കി അഫ്ഗാൻ സർക്കാർ

കാബൂൾ: ആൺകുട്ടികൾ മാത്രം സർവകലാശാല പ്രവേശന പരീക്ഷകൾ എഴുതിയാൽ മതിയെന്ന് അഫ്ഗാനിസ്ഥാൻ സർക്കാർ. പുരുഷ വിദ്യാർത്ഥികളെ മാത്രം ഈ വർഷം എൻട്രൻസിൽ തെരഞ്ഞെടുത്താൽ മതിയെന്നാണ് ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ നിർദേശം. അഫ്ഗാൻ ഉന്നത വിദ്യാഭ്യാസ മന്ത്രാലയത്തിന്റേതാണ് തീരുമാനം. നാഷണൽ എക്സാമിനേഷൻ അതോറിട്ടി ഓഫ് അഫ്ഗാനിസ്ഥാനാണ് ( നെക്സ) ഇക്കാര്യം അറിയിച്ചത്. പരീക്ഷയിൽ ആരെയൊക്കെ പങ്കെടുപ്പിക്കണമെന്ന് തീരുമാനിക്കുന്നത് ഉന്നത വിദ്യാഭ്യാസ വകുപ്പാണ്. നാഷണൽ എക്സാമിനേഷൻ അതോറിട്ടിക്ക് ഇതിൽ പങ്കൊന്നുമില്ലെന്ന് നെക്സ വിശദീകരിച്ചു.

EDITORIAL BOARD
*Chief Editor:*
Blessin John Malayil
**Managing Editor**
Aji George
**Publisher**
Nelson George
**Editors:**
Pr Sajo Thonikkuzhiyil
Pr. Titus Johnson
Pr. Sam Elambal
Joji Iype Mathews
Pr. Shibu Thomas , Oklahoma .
Pr. Blesson Cherian , Canada.
Rojin Pynummoodu
Duglus Joseph
Sis.Jessy Koshy
Sis.Blessy Rufus
+91 9188522220 +91 9846552220 Email: cnl7news@gmail.com
Layout: Shaji Vazhoor ... 9656571354

# മണിപ്പൂർ കലാപം
# നടപടി സ്വീകരിയ്ക്കും : പ്രധാനമന്ത്രി

ന്യൂഡൽഹി: മണിപ്പൂരിൽ രൂക്ഷമായ വംശീയ സംഘർഷം പൊട്ടിപ്പുറപ്പെട്ട് എഴുപത്തി ഒമ്പത് ദിവസങ്ങൾക്ക് ശേഷം, സംസ്ഥാനത്ത് 150 ഓളം പേർ മരിക്കുകയും പതിനായിരക്കണക്കിന് ആളുകൾ പലായനം ചെയ്യുകയും താൽക്കാലിക ക്യാമ്പുകളിൽ കഴിയുകയും ചെയ്യുമ്പോൾ, വിഷയത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി ഒടുവിൽ പ്രസ്താവന നടത്തി. മണിപ്പൂരിലെ കാങ്കോപിയിൽ രണ്ട് കുക്കി സ്ത്രീകളെ നഗ്നരാക്കി നടത്തുന്ന വീഡിയോ വൈറലായതിന് പിന്നാലെയാണ് മോദിയുടെ പരാമർശം. സമ്പൂർണ ഇന്റർനെറ്റ് അടച്ചുപൂട്ടലിന് സംസ്ഥാനം ഉത്തരവിട്ടില്ലെങ്കിൽ, സംഭവം നേരത്തെ തന്നെ വെളിച്ചത്ത് വന്നിരിക്കാമെന്ന് പലരും ചൂണ്ടിക്കാട്ടി.

'ഇന്ന് ഞാൻ നിങ്ങളുടെ ഇടയിലേക്ക് വന്നു, ഈ ജനാധിപത്യ ക്ഷേത്രത്തിന് സമീപം നിൽക്കുമ്പോൾ, എന്റെ ഹൃദയം വേദനയും ദേഷ്യവും കൊണ്ട് നിറഞ്ഞിരിക്കുന്നു. മണിപ്പൂരിൽ അരങ്ങേറിയ സംഭവം ഏതൊരു പരിഷ്കൃത സമൂഹത്തിനും ലജ്ജാകരമായ സംഭവമാണ്. മണിപ്പൂരിലെ പെൺമക്കൾക്ക് സംഭവിച്ചത് ഒരിക്കലും പൊറുക്കാനാവില്ല. സംഭവം രാജ്യത്തിന് ലജ്ജാകരമാണ്, കുറ്റവാളികൾ രക്ഷപ്പെടില്ല, 'മോദി ഇന്ന് രാവിലെ പാർലമെന്റ് മന്ദിരത്തിന് പുറത്ത്, സമ്മേളനം ആരംഭിക്കുന്നതിനു മുൻപ് പറഞ്ഞു.

'അതാത് സംസ്ഥാനങ്ങളിൽ ക്രമസമാധാന സംവിധാനം കൂടുതൽ ശക്തമാക്കുന്നുവെന്ന് ഉറപ്പാക്കാൻ ഞാൻ എല്ലാ മുഖ്യമന്ത്രിമാരോടും ആവശ്യപ്പെടുന്നു. പ്രത്യേകിച്ചും നമ്മുടെ അമ്മമാരുടെയും സഹോദരിമാരുടെയും സംരക്ഷണത്തിന്റെ കാര്യത്തിൽ, കർശനമായ നടപടി സ്വീകരിക്കണം. അത് രാജസ്ഥാനിലോ ഛത്തീസ്ഗഢിലോ മണിപ്പൂരിലോ ആകട്ടെ, ഈ രാജ്യത്തിന്റെ ഏത് കോണിലായാലും, സ്ത്രീകൾ ബഹുമാനിക്കപ്പെടുന്നുവെന്ന് ഉറപ്പാക്കാൻ രാഷ്ട്രീയക്കാർ രാഷ്ട്രീയ വാചാടോപങ്ങൾക്ക് അതീതമായി ഉയരണം, 'മോദി പറഞ്ഞു.



### മണിപ്പൂരിൽ സ്ത്രീകളോട് അക്രമണം; സ്വമേധയാ കേസെടുത്ത് സുപ്രീം കോടതി

ഡൽഹി: മണിപ്പൂരിൽ കുക്കി വിഭാഗത്തിലെ രണ്ട് സ്ത്രീകളെ നഗ്നരാക്കി റോഡിലൂടെ നടത്തുകയും പീഡനത്തിന് ഇരയാക്കുകയും ചെയ്ത സംഭവത്തിൽ സ്വമേധയാ കേസ് എടുത്ത് സുപ്രീം കോടതി. അക്രമികൾക്കെതിരെ നടപടി സ്വീകരിക്കാനും കോടതി കേന്ദ്ര സർക്കാരിനും മണിപ്പൂർ സർക്കാരിനും നിർദേശം നൽകി. രണ്ട് സ്ത്രീകളും അക്രമണത്തിന് ഇരയായെന്നും ?ഗോത്രസംഘ?ടന പറഞ്ഞു. സംഭവത്തിൽ പ്രതികളെ പിടികൂടാൻ സ്വീകരിച്ച നടപടികൾ എന്തെന്ന് വിശദമാക്കണമെന്ന് കേന്ദ്രസംസ്ഥാന സർക്കാരുകളോട് കോടതി നിർദ്ദേശിച്ചു. ഉടൻ നടപടിയെടുത്തില്ലെങ്കിൽ ഇടപെടുമെന്നും കോടതി താക്കീത് നൽകി.

## ഗ്രീക്ക് റൂം ; അലിഖിത ഭാഷകളിലേക്ക് തിരുവെഴുത്തുകൾ

കാലിഫോർണിയ : അലിഖിത ഭാഷകളിലേക്ക് ബൈബിൾ വിവർത്തനം ചെയ്യാൻ ഒരുങ്ങുന്നു. ആർട്ടിഫിഷ്യൽ ഇന്റലിജൻസിന്റെ ഉപയോഗത്തിനെതിരെ അതിന്റെ നിർമ്മാതാക്കളും സംഘാടകരും പോലും ആശങ്ക പ്രകടിപ്പിച്ചിരിക്കുമ്പോഴാണ് വിശുദ്ധ ബൈബിൾ വിവർത്തനത്തിനായി എഐ സാങ്കേതിക വിദ്യ ഉപയോഗിക്കുവാൻ പദ്ധതി ഇട്ടിരിക്കുന്നത്. ലിഖിത ഭാഷകളില്ലാത്ത ആയിരക്കണക്കിനു ഭാഷകളിലേക്ക് ബൈബിൾ വിവർത്തനം ചെയ്യാനുള്ള പ്രവർത്തനമാണ് ആരംഭിക്കുന്നത്. സതേൺ കാലിഫോർണിയ സർവ്വകലാശാലയിലെ ഇൻഫർമേഷൻ സയൻസ് ഇൻസ്റ്റിറ്റ്യൂട്ടിലെ സീനിയർ റിസർച്ച് സയന്റിസ്റ്റായ ഉൾഫ് ഹെരം ജാക്കോബും, ഐഎസ്ഐയിലെ ഇന്ത്യൻ വംശജനും റിസർച്ച് എഞ്ചിനിയറുമായ ജോയൽ മാത്യുവും ചേർന്നാണ് എഐ ബൈബിൾ വിവർത്തനത്തിന് തുടക്കം കുറിക്കുന്നത്. ഇതിനെ 'ഗ്രീക്ക് റൂം' എന്നു പേരിട്ടിരിക്കുന്നതായും അവർ ഒരു അഭിമുഖത്തിൽ പറഞ്ഞു.

ലിഖിത സംവിധാനങ്ങളോ, വ്യാകരണ കോഡുകളോ, നിഘണ്ടുക്കളോ, അക്ഷരത്തെറ്റ് പരിശോധകരോ പോലുമില്ലാത്ത ഭാഷകളിലേക്കാണ് തിരുവെഴുത്തുകൾ വിവർത്തനം ചെയ്യാൻ പദ്ധതിയിട്ടിരിക്കുന്നത്. ലോകത്ത് ഏകദേശം 7100 ഭാഷകളാണുള്ളത്, ഇതിൽ 700ലധികം ഭാഷകളിലേക്ക് വിവർത്തനം ചെയ്തുകൊണ്ട്, ബൈബിൾ ലോകത്തിലെ ഏറ്റവും കൂടുതൽ വിവർത്തനം ചെയ്യപ്പെട്ട പുസ്തകമായി മാറി ഹെരം ജാക്കോബ് പറയുന്നു. ഗൂഗിൾ നൂറോളം ഭാഷകളെ മാത്രമാണ് ഉൾക്കൊള്ളുന്നത്. ബൈബിൾ വിവർത്തനത്തിനായി ശ്രദ്ധ കേന്ദ്രീകരിച്ചിരിക്കുന്നത് മികച്ച 500ൽ പോലും പെടാത്ത വളരെ അപൂർവമായ ഭാഷകളിലാണ്. 'ഭൂമിയിലെ എല്ലാ ഭാഷകളിലും എത്താൻ ഞങ്ങൾ ആഗ്രഹിക്കുന്നു; എല്ലാവരിലേക്കും എത്തിച്ചേരുക എന്നതാണ് ലക്ഷ്യം, ജോയൽ മാത്യു പറഞ്ഞു,

ലോകമെമ്പാടുമുള്ള വിവർത്തകർക്ക് ആക്സസ് ചെയ്യാനുള്ള ഒരു ഓപ്പൺ സോഴ്സ് വേദിയായി ഗ്രീക്ക് റൂം മാറുമെന്നാണ് ഹെരം ജാക്കോബും, ജോയൽ മാത്യുവും പ്രതീക്ഷ വെയ്ക്കുന്നത്. അതിനായി ഡേറ്റായും കോഡും പരസ്യമാക്കാനും ആഗ്രഹിക്കുന്നതായും അവർ പറഞ്ഞു. അപൂർവ ഭാഷകളിലേക്കുള്ള വിവർത്തനത്തിൽ, പ്രാദേശിക സഭാ അംഗങ്ങൾക്ക് മാത്രമേ പിന്തുണ നൽകാൻ സാധിക്കുകയുള്ളു, ഇത് നിസാരമല്ല, വളരെ കഠിനമായ പ്രയത്നം ആവശ്യമാണ്. എന്നാൽ ഇതിനോട് വൻകിട കമ്പനികൾക്ക് താൽപ്പര്യമില്ല; വളരെ അപൂർവമായ ഭാഷകളെ ലക്ഷ്യമിടുന്നത് അവരുടെ ബിസിനസ്സ് മോഡലല്ല,'അവർ പറഞ്ഞു.

## പാസ്റ്റർ ബാബു റാമിന് ജാമ്യം അനുവദിച്ചു


### ക്രിസ്ത്യാനികളെ വിചാരണ ചെയ്യുന്ന ഇന്ത്യൻ സംസ്ഥാനങ്ങളുടെ പട്ടികയിൽ ഉത്തർ പ്രദേശാണ് മുന്നിൽ


യു പി : ക്രൂരമായ മതപരിവർത്തന വിരുദ്ധ നിയമപ്രകാരം അറസ്റ്റിലായി ഒരാഴ്ച ജയിലിൽ കഴിഞ്ഞ 11 ക്രിസ്ത്യൻ വിശ്വാസികളെ കോടതി മോചിപ്പിച്ചു. ഉത്തർപ്രദേശിലെ ബഹ്റൈച്ച് ജില്ലയിലെ ലോക്കൽ കോടതിയാണ് പാസ്റ്റർ ബാബു റാമിനും മറ്റ് 10 പേർക്കും ജാമ്യം അനുവദിച്ചത്. ബജ്റംഗ്ദൾ പ്രവർത്തകരുടെ പരാതിയെത്തുടർന്ന് ജൂലൈ 9 ന് ഞായറാഴ്ച പോലീസ് അറസ്റ്റ് ചെയ്യുകയായിരുന്നു. പ്രവർത്തകർ പ്രാർത്ഥനാ ഹാളിലേക്ക് ബലമായി കടന്നുകയറി, പാസ്റ്ററും മറ്റുള്ളവരും മതപരിവർത്തനം നടത്തിയതായി ആരോപിച്ചു, ഇത് സംസ്ഥാനത്തെ മതപരിവർത്തന വിരുദ്ധ നിയമപ്രകാരം കുറ്റകരമാണ്. പാസ്റ്ററെയും ഞായറാഴ്ച പ്രാർത്ഥനയിൽ പങ്കെടുത്തവരെയും കസ്റ്റഡിയിലെടുത്ത പോലീസിനെ പ്രവർത്തകർ കോടതിയിൽ ഹാജരാക്കുകയായിരുന്നു. പതിമൂന്ന് ക്രിസ്ത്യൻ സ്ത്രീകളെയും പോലീസ് കസ്റ്റഡിയിലെടുത്തിരുന്നെങ്കിലും, കോടതി സ്ത്രീകൾക്ക് ജാമ്യം അനുവദിച്ചിരുന്നു, നിയമവിരുദ്ധമായി സംഘം ചേരൽ, ഗൂഢാലോചന, ക്രിമിനൽ ഭീഷണിപ്പെടുത്തൽ എന്നീ കുറ്റങ്ങളാണ് പോലീസ് ഇവർക്കെതിരെ ചുമത്തിയത്.

മതപരിവർത്തന വിരുദ്ധ നിയമപ്രകാരം ക്രിസ്ത്യാനികൾക്കെതിരെ കള്ളക്കേസുകൾ രജിസ്റ്റർ ചെയ്യുന്നതും തീവ്ര ഹിന്ദു ഗ്രൂപ്പുകളുടെ പക്ഷത്ത് പോലീസ് നിൽക്കുന്നുവെന്നും സഭാ നേതാക്കൾ ആരോപിച്ചു. നിയമമനുസരിച്ച്, ഇരയിൽ നിന്നോ അടുത്ത ബന്ധുവിൽ നിന്നോ രക്ഷിതാവിൽ നിന്നോ പരാതി വന്നാൽ മാത്രമേ പോലീസ് അനധികൃത മതപരിവർത്തനത്തിന് കേസ് രജിസ്റ്റർ ചെയ്യാവൂ. എന്നാൽ ഈ നിയമം പോലീസ് പാലിക്കുന്നില്ല, അതിനാൽ ക്രിസ്ത്യാനികൾ കോടതികളിൽ തികച്ചും തെറ്റായ കേസുകളുമായി എത്തപെടുന്നതിന് നിർബന്ധിതരാകുന്നു.

ക്രിസ്ത്യാനികളെ വിചാരണ ചെയ്യുന്ന ഇന്ത്യൻ സംസ്ഥാനങ്ങളുടെ പട്ടികയിൽ ഉത്തർപ്രദേശാണ് മുന്നിൽ. കഴിഞ്ഞ ആറ് മാസത്തിനിടെ സംസ്ഥാനത്ത് ക്രിസ്ത്യാനികൾക്കെതിരെ 155 അക്രമ സംഭവങ്ങൾ രേഖപ്പെടുത്തിയതായി ന്യൂഡൽഹി ആസ്ഥാനമായുള്ള യുണൈറ്റഡ് ക്രിസ്ത്യൻ ഫോറം പറഞ്ഞു. കുറ്റക്കാർക്കെതിരെ കേസെടുക്കുന്നതിൽ പൊലീസ് പരാജയപ്പെടുന്നതായി റിപ്പോർട്ടിൽ പറയുന്നു. ഉത്തർപ്രദേശിലെ 20 ദശലക്ഷത്തിലധികം ജനങ്ങളിൽ 0.18 ശതമാനം മാത്രമാണ് ക്രിസ്ത്യാനികൾ.

# മാർ ക്രിസോസ്റ്റം സ്പീക്കിംഗ്: ഓർമ്മകളിലെ മുഖ്യൻ





**ക്രിസ്റ്റ്യൻ ലൈവ് ദിനപത്രം ചീഫ് എഡിറ്റർ ബ്ലസിൻ ജോൺ മലയിൽ അന്തരിച്ച മുൻ മുഖ്യമന്ത്രി ഉമ്മൻ ചാണ്ടിയെ അനുസ്മരിക്കുന്നു**

പവർവിഷനു വേണ്ടി മാർ ക്രിസോസ്റ്റം സ്പീക്കിംഗ് ഒരു നൂറ്റാണ്ടിന്റെ ശബ്ദം എന്ന അമ്പത് എപ്പിസോഡുള്ള ടെലിവിഷൻ പരമ്പര തയ്യാറാക്കുന്ന കാലം! കേരള മനസിന് സുപരിചിതമായ മുഖങ്ങളോട് തിരുമേനി പിന്നിട്ട പാതകളെ കുറിച്ച് സംസാരിക്കുന്നതായിരുന്നു ആ പരിപാടിയുടെ പ്രത്യേകത.

പുന്നമട കായലിലും ആലുവ ശാന്തിഗിരിയിലും ചെങ്ങന്നൂർ മാർത്തോമ്മ അരമനയിലുമെല്ലാം റെക്കോർഡിംഗ് നടന്നുകൊണ്ടേയിരുന്നു. ആ യാത്രകളിൽ മുഖ്യധാര പത്രങ്ങളുടെ റിപ്പോർട്ടർമാരും ഞങ്ങളെ അനുഗമിച്ചിരുന്നു.

ഒരിക്കൽ റെക്കോർഡിംഗ് വെച്ചിരിക്കുന്നത് തിരുവനന്തപുരത്തായിരുന്നു. ആദ്യം ഡി ബാബുപോൾ സാറിന്റെ വീട്ടിൽ! പിന്നിട് ഭക്ഷണത്തിന് ശേഷം മസ്കറ്റ് ഹോട്ടലിൽ!

ഡോക്കുമെന്ററിയുടെ ഭാഗമായി അന്ന് നൈനാൻ കോശി സാറും കർദ്ദിനാൾ മാർ ബെസേലിയോസ് ക്ലീമിസ് ബിഷപ്പും സഖാവ് വി എസ് അച്യുതാനന്ദനും മാണി സാറും മകൻ ജോസ് കെ മാണിയും എല്ലാമെത്തി. ഒടുവിൽ, രാത്രി ഏറെ വൈകി. ഇനി എത്താമെന്ന് ഏറ്റിരിക്കുന്നത് മുഖ്യമന്ത്രി ഉമ്മൻ ചാണ്ടിയാണ്. സമയം കഴിഞ്ഞു പോയിട്ടും അദ്ദേഹം വന്നില്ല. എന്ത് ചെയ്യണമെന്ന് അറിയാതെ ആശങ്കയിലായി എല്ലാവരും!!

ക്ഷമ കെട്ടപ്പോൾ, ഡോക്കുമെന്ററി വിശേഷങ്ങൾ റിപ്പോർട്ട് ചെയ്യാനെത്തിയ പത്രക്കാരിൽ ഒരാൾ മുഖ്യമന്ത്രിയുടെ സെക്രട്ടറിയുമായി ബന്ധപ്പെട്ടു! മുഖ്യമന്ത്രിയുടെ പ്രോഗ്രാം ലിസ്റ്റിൽ അങ്ങനെ ഒരു പരിപാടി തന്നെ ഇല്ലെന്നായിരുന്നു മറുപടി!കൂടാതെ മുഖ്യമന്ത്രി തിരക്കിലാണെന്നും!!

തിരുവനന്തപുരത്തു നിന്നുള്ള ആ മടക്കയാത്രയിൽ തിരുമേനിയുടെ മനസ് ആകെ അസ്വസ്ഥമായി. ഈ പ്രോഗ്രാം അവതരിപ്പിക്കുന്ന മാത്യു കോശി സാറാണ് തിരുമേനിക്കൊപ്പം കാറിലുള്ളത്. കുറെ കഴിഞ്ഞപ്പോൾ തിരുമേനി പറഞ്ഞു:

'സാർ, ഒരു കാര്യം ചെയ്യണം; നാളെ രാവിലെ എഴുന്നേൽക്കുമ്പോൾ ഈ വിവരമെല്ലാം കാണിച്ച് മുഖ്യമന്ത്രിക്ക് ഒരു കത്തെഴുതണം!'

നൂറുകൂട്ടം വിഷയങ്ങളുമായി നടക്കുന്ന നാടിന്റെ മുഖ്യമന്ത്രിക്ക് കത്തയച്ചാൽ മറുപടി കിട്ടുമോ? മനസിലെ സംശയങ്ങൾ ഊതികെടുത്തി തിരുമേനി പറയുന്നത് അനുസരിക്കാൻ സാറും തീരുമാനിച്ചു.

മുഖ്യമന്ത്രിക്ക് കല്ലേറ് കിട്ടിയതിന്റെ പേരിൽ നാട് കരിദിനം ആചരിക്കുന്ന ദിവസമായിരുന്നു അത്. അന്നാണ് അദ്ദേഹത്തിന്റെ കയ്യിൽ ഈ കത്ത് കിട്ടുന്നത്. ഉടൻ തന്നെ അദ്ദേഹം ഫോണെടുത്ത് മാത്യു കോശി സാറിനെ വിളിച്ചു:

'ഹലോ... ഞാൻ ഉമ്മൻ ചാണ്ടിയാണ് !'

തിരുമേനിയുടെ പ്രോഗ്രാം ആയതിനാൽ പ്രത്യേക താൽപര്യമെടുത്ത് വരാമെന്ന് കരുതിയതിനാലാണ് ലിസ്റ്റിൽ ചേർക്കാതിരുന്നതെന്നും സെക്രട്ടറിയെ അറിയിച്ചിരുന്നില്ലെന്നും വരാൻ കഴിയാഞ്ഞതിൽ ഖേദമുണ്ടെന്നുമെല്ലാം പറഞ്ഞു. ഒടുവിൽ അദ്ദേഹം കൂട്ടിചേർത്തു:

'ഇനി നിങ്ങൾ തിരുവനന്തപുരത്തേക്ക് ഇക്കാര്യത്തിന് വരേണ്ടതില്ല; ഞാൻ തന്നെ ചില ദിവസങ്ങൾക്കുള്ളിൽ അങ്ങോട്ട് വരും; തിരുമേനിയെ കണ്ടിരിക്കും!'

പിന്നെ താമസിച്ചില്ല; പറഞ്ഞതുപോലെ അടുത്തൊരു ഞായറാഴ്ച മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി പുതുപ്പള്ളിയിൽ നിന്നും തിരിച്ചു വരുമ്പോൾ മാരാമൺ അരമനയിലെത്തുമെന്ന വിവരം ലഭിച്ചു.



ക്രിസോസ്റ്റം തിരുമേനി തീരെ സുഖമില്ലാതെ കുമ്പനാട്ട് ഫെലോഷിപ്പ് ആശുപത്രിയിൽ കഴിയുന്ന ദിവസങ്ങളായിരുന്നു അത്! റെക്കാർഡിംഗിന് തിരുമേനി എത്തുമോയെന്ന സംശയത്തിലായി എല്ലാവരും ! ജില്ലയിലെ മുതിർന്ന പൊലിസ് ഉദ്യോഗസ്ഥരിൽ പലരും എന്നെയും വിളിച്ച് സംശയം പങ്കുവെച്ചു. ഞാനാകട്ടെ, ബാക് ടു ബേതലഹേം എന്ന പേരിൽ ക്രിസ്മസ് ക്വയറുകൾ റെക്കോർഡിംഗ് ചെയ്യുന്ന സമയവും!!

ഞായറാഴ്ച സഭാരാധന കഴിഞ്ഞ് മാരാമൺ അരമനയിൽ ഞാൻ എത്തിയപ്പോൾ പൊലീസ് വണ്ടികൾ പലതും അരമനയ്ക്ക് സമീപത്ത് സ്ഥാനം പിടിച്ചിട്ടുണ്ട്. ഒടുവിൽ മരുന്നും ഡോക്ടറുമെല്ലാം ഉൾപ്പെടുന്ന ഒരു സംഘമായി തിരുമേനിയുമെത്തി. പതിവിൽ കവിഞ്ഞ വലിയൊരു ആവേശത്തിലായിരുന്നു അദ്ദേഹം!

മാത്യു കോശി സാർ വിപുലമായ നിലയിൽ പ്രത്യേകം തെരെഞ്ഞെടുത്ത ആളുകളെ മാത്രം ഉൾപ്പെടുത്തി അന്ന് പ്രോഗ്രാമിന്റ സ്വിച്ച് ഓൺ കർമ്മവും സംഘടിപ്പിച്ചിരുന്നു. മർത്തോമയിലെ ബർന്നബാസ് ബിഷപ്പ് ഉൾപ്പെടെ പലരും അതിഥികളായിരുന്നു.

പറഞ്ഞ സമയത്ത് തന്നെ നിറഞ്ഞ സദസിലേക്ക് ചിരിക്കുന്ന മുഖത്തോടെ മുഖ്യമന്ത്രിയെത്തി. സാധാരണ മുഖ്യന്മാരുടെ താര ജാഡകളില്ലാതെ, സാധാരണക്കാരിൽ സാധാരണക്കാരനായ നാടിന്റെ സ്വന്തം കുഞ്ഞുഞ്ഞുമായി തിരുമേനി നടത്തുന്ന അഭിമുഖമായിരുന്നു ആദ്യത്തെ പരിപാടി! ചിരിയുടെ മേമ്പൊടിയോടെ സമൂഹത്തിലെ പല വിഷയങ്ങളും ചർച്ചയായി.

മലയാളി കണ്ട ഏറ്റവും വലിയ നർമ്മത്തിന്റെ കുലപതിയും സംസ്ഥാനത്തെ ഏറ്റവും വലിയ ജനപ്രിയനേതാവും തമ്മിലുള്ള ആ അഭിമുഖം ഡയറക്ട് ചെയ്യാൻ കഴിഞ്ഞത് എന്റെ ജീവിതത്തിലെ ഏറ്റവും വലിയൊരു ഭാഗ്യമായി ഞാൻ കരുതുന്നു. ഒടുവിൽ ഡോക്കുമെന്ററിയുടെ സ്വിച്ച് ഓൺ കർമ്മവും നടത്തി നാടിന്റെ മുഖ്യൻ ഉമ്മൻ ചാണ്ടി മടങ്ങിയപ്പോൾ
സമയം എത്ര മുന്നോട്ട് പോയെന്ന് അവിടെയിരുന്ന ആരും അറിഞ്ഞതേയില്ല!

CNL7 MEDIA
Vol. 2 Issue 168
CHRISTIANLIVE DAILY
20
Thursday
Pages 5
537

# Wings of HOPE

AN ENGLISH DIGITAL WEEKLY FROM CHRISTIAN LIVE FAMILY

*An english digital weekly*
*From Christian Live Family*

